കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

------------------- ---------------------------------------------

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 13 തിങ്കൾ

------------------- ---------------------------------------------

# വേമ്പനാട്ട് കായലിലെ മത്സ്യ സംരക്ഷണം, ശിൽപ്പശാല സംഘടിപ്പിച്ചു

ആലപ്പുഴ: മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ഫിഷറീസ് വകുപ്പും സഹകരിച്ച് ഉൾനാടൻ മത്സ്യമേഖലയുടെ വികസനം സാദ്ധ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി ആലപ്പുഴ,കോട്ടയം,എറണാകുളം ജില്ലകളിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടേയും പ്രധിനിധികൾ പങ്കെടുക്കുന്ന ഏകദിനശിൽപ്പശാല സംഘടിപ്പിച്ചു. തണ്ണീർമുക്കം പണ്ഡിറ്റ് കറുപ്പൻ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന ശിൽപ്പശാലയിൽ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പു മന്ത്രി പി.തിലോത്തമൻ അദ്ധ്യക്ഷത വഹിച്ചു. ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. വേമ്പനാട്ട് കായലിലെ മത്സ്യ സംരക്ഷണവും ഉൾനാടൻ മത്സ്യമേഖലാ വികസനവും ഫിഷറീസ് വകുപ്പിന്റെ പദ്ധതികളും, ഉൾനാടൻ മത്സ്യമേഖലാ വികസനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്, ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘടനകളും മത്സ്യഫെഡും എന്നീ വിഷയങ്ങളിൽ ദീർഘമായ ചർച്ച നടന്നു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രഭാമധു, തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.എസ്. ജ്യോതിസ്, മത്സ്യഫെഡ് ചെയർമാൻ പി.പി ചിത്തരഞ്ജൻ, മത്സ്യഫെഡ് ഭരണസമിതി അംഗം പി.എം.മിനി, മാനേജിംഗ് ഡയറക്ടർ ഡോ.ലോറൻസ് ഹരോൾഡ് എന്നിവർ സംസാരിച്ചു. ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഇഗ്നേഷ്യസ് മൺറോ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം ( ജി.കെ.സദനരാജൻ, മത്സ്യഫെഡിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (അക്വാക്കൾച്ചർ) വി.രേഖ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ.കെ.അപ്പുക്കുട്ടൻ മോഡറേറ്റർ ആയിരുന്നു.

ഈ മൂന്നു ജില്ലകളിൽ നിന്നുമായി 85 സഹകരണ സംഘം പ്രതിനിധികളും 88 തദ്ദേശസ്വയം ഭരണ സംഘം പ്രധിനിധികളും ഫിഷറീസ് വകുപ്പിലേയും മത്സ്യഫെഡിലേയും ഉദ്യോഗസ്ഥരും ശിൽപ്പശാലയിൽ പങ്കെടുത്തു. ഉൾനാടൻ മത്സ്യമേഖലയുടെ വികസനം ലക്ഷ്യമാക്കുന്ന നിരവധി നിർദ്ദേശങ്ങൾ ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞു.

# വോട്ടെണ്ണൽ: ഉപവരണാധികൾക്കുള്ള പരിശീലനം നൽകി

ആലപ്പുഴ: പതിനേഴാം ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ആലപ്പുഴ, മാവേലിക്കര ലോക്സഭാ മണ്ഡലങ്ങളിലെ ഉപവരണാധികാരികൾ, വോട്ടെണ്ണലിന്റെ

ചുമതലയുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം നൽകി. ആലപ്പുഴ, മാവേലിക്കര ലോക്സഭാ മണ്ഡലങ്ങളിലെ ഏഴ് വീതമുള്ള നിയമസഭാ മണ്ഡലങ്ങളിൽ നിന്നുള്ള ഉപവരണാധികാരികൾ അടക്കമുള്ള ഉദ്യോഗസ്ഥർ ജില്ലാ പ്ലാനിംഗ് ഓഫീസിൽ വെച്ച് നടന്ന പരിശിലന പരിപാടിയിൽ പങ്കെടുത്തു. രാവിലെ മുതൽ ഉച്ച വരെ മാവേലിക്കരയിലേയും ഉച്ചക്ക് ശേഷം ആലപ്പുഴ മണ്ഡലത്തിലേയും ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകിയത്. വോട്ടെണ്ണൽ ദിവസം കൗ ിംഗ് ടേബിളിൽ ചെയ്യേ ജോലികൾ, തപാൽ, ഇ.വി.എം. വോട്ടുകൾ, വിവിപ്പാറ്റ് സ്ലിപ്പുകൾ തുടങ്ങിയവ എണ്ണുന്ന വിധം, കൺട്രോൾ യൂണിറ്റ് പരിശോധന, വോട്ടെണ്ണലിന് ശേഷമുള്ള ടാബുലേഷൻ ജോലികൾ, അന്തിമ ഫലം തയ്യാറാക്കൽ തുടങ്ങിയവ ഉൾപ്പടെയുള്ള പരിശീലനങ്ങളാണ് നൽകിയത്. ട്രയിനർമാരായ വേലായുധൻ പിള്ള, അബ്ദുൽ റഷീദ്, സന്തോഷ് കുമാർ എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

കൗ ിംഗ് ടെബിളിൽ ആവശ്യമുള്ളവ: 1. സ്ഥാനാർത്ഥികളുടെ ക്രമ നമ്പറും പേരും ബാലറ്റ് പേപ്പറിലെ അതേ ക്രമത്തിൽ പ്രിന്റ് ചെയ്തത്. 2. കാർബൺ പേപ്പർ. 3. പേന 4. അഡ്രസ് ടാഗ് 5. ടൈൻ 6. ബ്ലെയ്ഡ് 7. സീലിംഗ് വാക്സ് 8. ലൈറ്റർ/ തീപ്പെട്ടി 9. മെഴുക് തിരി 10. മെറ്റൽ സീൽ 11. ഡിസ്റ്റിംഗിഷിംഗ് മാർക്ക് 12. എ4 പേപ്പർ.

കൗ ിംഗ് ടേബിളിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ: 1. കൗ ിംഗ് സൂപ്പർവൈസർ 2. മൈക്രോ ഒബ്—സർവർ 3. കൗ ിംഗ് അസിസ്റ്റന്റ് 4. വരണാധികാരിയ്ക്കും കൗ ിംഗ് ഏജന്റുമാർക്കും ഫലമെത്തിക്കുന്ന ഉദ്യോഗസ്ഥൻ.

# മഴക്കാല പൂർവ്വ ശുചീകരണം നടത്തി

ചെങ്ങന്നൂർ: ആരോഗ്യ ജാഗ്രത മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തിരുവൻവ ൂർ ഗ്രാമപഞ്ചായത്തിലെ എം.സി റോഡിന്റെ ഇരു വശങ്ങളിലും 13 വാർഡുകളിലും ശുചീകരണം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ.ഏലിക്കുട്ടി കുര്യാക്കോസ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ വത്സമ്മ സുരേന്ദ്രൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മനു തെക്കേടത്ത്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിക്രമൻ പിള്ള, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ജീവനക്കാർ, തൊഴിലുറപ്പ്, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ എന്നിവർ ശുചീകരണ പരിപാടിയിൽ പങ്കാളികളായി.

ചിത്രവിവരണം

തിരുവൻവ ൂർ ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വ ശുചീകരണയജ്ഞം പ്രസിഡന്റ് പ്രൊഫ.ഏലിക്കുട്ടി കുര്യാക്കോസിന്റെ നേതൃത്വത്തിൽ നടന്നപ്പോൾ

# ഐ.എച്ച്.ആർ.ഡി ഇഞ്ചിനീയറിംഗ് കോളേജുകളിൽ എൻ. ആർ. ഐ സീറ്റുകളിലേക്കുള്ള പ്രവേശനം

ആലപ്പുഴ: കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ എറണാകുളം, ചെങ്ങന്നൂർ, അടൂർ, കരുനാഗപ്പള്ളി, കല്ലൂപ്പാറ, ചേർത്തല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആറ് എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് 2019-20 അദ്ധ്യയന വർഷത്തിൽ എൻ.ആർ.ഐ സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ

ക്ഷണിക്കുന്നു. അപേക്ഷ www.ihrd.kerala.gov.in/engenri എന്ന വെബ്സൈറ്റ് അല്ലെങ്കിൽ മേൽപറഞ്ഞ കോളേജുകളുടെ വെബ്സൈറ്റ് വഴി (പ്രാസ്പെക്ട്സ് പ്രകാരമുള്ള) ഓൺലൈനായി സമർപ്പിക്കേ താണ്. മെയ് 25 വൈകിട്ട് 5 മണിവരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേ താണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും 600 രൂപയുടെ ഡി.ഡിയും സഹിതം 29 വൈകുന്നേരം 5 മണിക്ക് മുമ്പ്, പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കേ താണ്. ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജുകളിൽ ബി. ടെക് എൻ.ആർ.ഐ സീറ്റുകൾക്ക് വാർഷിക കോഴ്സ് ഫീസ് ഒരു ലക്ഷം രൂപ മാത്രമാണ്.

## മോഡൽ എം.ആർ.എസിൽ പ്ലസ് വൺ പ്രവേശനം

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ ആലപ്പുഴ പുന്നപ്ര വടക്ക് പഞ്ചായത്തിൽ വാടയ്ക്കലിൽ ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് 2019- 20 അദ്ധ്യായന വർഷത്തേക്ക് പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ പൂരിപ്പിച്ച് ജാതി, വരുമാനം, യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, എന്നിവയുടെ പകർപ്പിനോപ്പം മെയ് 25 ന് വൈകുന്നേരം 5 മണിക്കകം സീനിയർ സൂപ്ര ്, ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, വാടയ്ക്കൽ പി ഒ, ആലപ്പുഴ എന്ന വിലാസത്തിൽ ലഭ്യമാക്കേ താണ്. പെൺ കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. സയൻസ് ബാച്ചിലേക്കാണ് പ്രവേശനം. കൂടാതെ സെക്കൻഡ് ലാംഗുവേജ് ആയി മലയാളം ആണ് പഠിക്കേ ത്. ആകെയുള്ള സീറ്റുകളിൽ 60% പട്ടികജാതിക്കാർക്കും 30% പട്ടികവർഗ്ഗക്കാർക്കും 10% മറ്റിതര വിഭാഗത്തിനുമായി നീക്കിവെച്ചിരുക്കുന്നു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ലാത്തതാണ്. പ്രവേശനത്തിന് യോഗ്യത നേടുന്നവർക്ക് വിദ്യാഭ്യാസം, വസ്ത്രം, ഭക്ഷണം, താമസസൗകര്യം എന്നിവ സർക്കാർ ചെലവിൽ നൽകുന്നതാണ്.ബന്ധപ്പെടേ ഫോൺ നമ്പർ 0477 2268442, 0477 2268018.

## 15 ന് സൊസൈറ്റി രജിസ്ട്രേഷൻ ഇല്ല

ആലപ്പുഴ: മെയ് 15 ബുധനാഴ്ച ജില്ലാ രജിസ്ട്രാർ അവധിയിലായതിനാൽ അന്നേ ദിവസം നടക്കേ തായ സൊസൈറ്റി രജിസ്ട്രേഷൻ, അ ർവാല്യവേഷൻ തീർപ്പാക്കൽ, സ്പെഷ്യൽ മാരേജ്, പരാതി പരിഹാരം എന്നിവ അന്നേ ദിവസം ഉ ായിരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് Ph: 0477 2253257. ബന്ധപ്പെടേ വിലാസം: ജില്ലാ രജിസ്ട്രാർ (ജനറൽ), ഹെഡ്.പി.ഒ, ആലപ്പുഴ-688001.